ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM **DATE:05.07.2026**

പ്രധാനവാർത്തകൾ

1. വി ബി -ജി -റാം -ജി പദ്ധതിയുടെ ആദ്യ ഗഡുവായി സംസ്ഥാനങ്ങൾക്ക് 25,863 കോടി രൂപ അനുവദിച്ചതായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

2. ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഒരുങ്ങി കൊച്ചി. ഇന്ത്യ ഉൾപ്പെടെ 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

3. സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ നാളെ ആരംഭിക്കും; സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി എൻ.ഷംസുദ്ദീൻ കോഴിക്കോട് ഉദ്ഘാടനം ചെയ്യും.

4. കേരളത്തിലെ തരിശ് നിലങ്ങളുടെ മാപ്പിങ് ഒരുമാസം കൊണ്ട് പൂർത്തിയാക്കുമെന്ന് കൃഷിമന്ത്രി ടി.സിദ്ദിഖ്.

5. സംസ്ഥാനത്ത് മഴ ശക്തമാകും. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ലോകകപ്പ് ഫുട്ബോൾ പ്രീക്വാർട്ടറിൽ നാളെ പുലർച്ചെ ബ്രസീൽ നോർവെയെയും മെക്സിക്കോ ഇംഗ്ലണ്ടിനെയും നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

പി.എം - സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ത്രിരാഷ്ട്ര പര്യടനത്തിന് നാളെ തുടക്കമാകും. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളിൽ ആറു ദിവസത്തെ സന്ദർശനമാണ് നടത്തുക. നാളെ മുതൽ ഇന്തോനേഷ്യ സന്ദർശിക്കുന്ന പ്രധാനമന്ത്രി പര്യടനത്തിന്റെ രണ്ടാം പാദത്തിൽ, ഈ മാസം 8 ന് ഓസ്ട്രേലിയയിലെത്തും. തുടർന്ന് ന്യൂസിലൻഡിലും സന്ദർശനം നടത്തും.

&&&&&&&&&&&&&&&&&&

ശിവരാജ് സിംഗ് ചൗഹാൻ-വിബി -ജി -റാം -ജി

'വിബി -ജി -റാം -ജി'പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനങ്ങൾക്ക് 25,863 കോടി രൂപയുടെ ആദ്യ ഗഡു അനുവദിച്ചതായി കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ മന്ത്രിമാരുമായി നടത്തിയ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വേതനത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ തനത് വിഹിതം കൃത്യസമയത്ത് നൽകണമെന്ന് സംസ്ഥാന സർക്കാരുകളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

RIJI VPM

&&&&&&&&&&&&&&&&&&

റിജിജു - വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് ഈ മാസം 20 ന് തുടക്കമാകും. ഓഗസ്റ്റ് 13 വരെയാണ് സമ്മേളനം. വർഷകാല സമ്മേളനത്തിന് മുന്നോടിയായി, സംസ്ഥാനത്തെ ലോക്സഭ, രാജ്യസഭ അംഗങ്ങൾ ഈ മാസം 9 ന് തിരുവനന്തപുരത്ത് യോഗം ചേരും. പാർലമെന്റിൽ ഉന്നയിക്കേണ്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

ബ്രിക്സ് വനിതാ മന്ത്രിതല സമ്മേളനം (ഇൻട്രോ)

ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കുന്ന ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് ഒരുങ്ങി കൊച്ചി. ഇന്ത്യ ഉൾപ്പെടെ 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും. വനിതാ ശിശുവികസന മന്ത്രാലയം ആണ് പരിപാടി സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ.....

(വോയിസ്.....)

&&&&&&&&&&&&&&&&&

പ്ലസ് വൺ - പ്രവേശനോത്സവം

സംസ്ഥാന തല പ്ലസ് വൺ പ്രവേശനോത്സവം നാളെ കോഴിക്കോട് നടക്കും. C.M.M.H.S.S തലക്കുളത്തൂരിൽ നടക്കുന്ന പരിപാടി വിദ്യാഭ്യാസ മന്ത്രി എൻ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും. പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി 10.30 മുതൽ ഒരു മണി വരെ ആമുഖ ക്ലാസുകൾ നടക്കും.

RNU TVPM

&&&&&&&&&&&&&&&&&

കൃഷിമന്ത്രി ടി സിദ്ദിഖ്

സംസ്ഥാനത്തെ തരിശ് നിലങ്ങളുടെ മാപ്പിങ് ഒരുമാസം കൊണ്ട് പൂർത്തിയാക്കുമെന്ന് കൃഷിമന്ത്രി ടി.സിദ്ദിഖ്. നെല്ലിന്റെ ഗുണമേന്മ ഉറപ്പാക്കണമെന്നും കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുകയാണ് ലക്ഷ്യമെന്നും കോട്ടയം ജില്ലാതല അവലോകന യോഗത്തിൽ മന്ത്രി പറഞ്ഞു. കോട്ടയം, കുട്ടനാട് പ്രദേശങ്ങളിൽ നെല്ലിന്റെ നിറം മാറുന്നത് പരിശോധിക്കാൻ കാർഷിക സർവകലാശാലയിലെ പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയതായി മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

കെ. മുരളീധരൻ

ആരോഗ്യവകുപ്പിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ നടത്തിയ പർച്ചേസുകളിൽ വകുപ്പ് തല അന്വേഷണം നടത്തുമെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ. മെഡിക്കൽ കോളേജുകളിലും വിവിധ ആശുപത്രികളിലും കോടികൾ മുടക്കി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നത് സംബന്ധിച്ച പരാതികളിലാണ് അന്വേഷണമെന്ന് അദ്ദേഹം പറഞ്ഞു. ക്രമക്കേടുകൾ കണ്ടെത്തിയാൽ പരാതി വിജിലൻസിന് കൈമാറുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

ക്ഷയരോഗ മുക്ത കേരളം

എന്റെ ക്ഷയരോഗ മുക്ത കേരളം' പദ്ധതിയുടെ ഭാഗമായി 2025-ലെ മികച്ച ക്ഷയരോഗമുക്ത പഞ്ചായത്തുകൾക്കുള്ള പുരസ്കാര വിതരണം നാളെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിക്കും. കോട്ടയത്ത് നടക്കുന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾക്കായുള്ള ടി.ബി ബോധവൽക്കരണ പരിപാടിയും സ്പീക്കർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&

കോറോ ഹെൽത്ത് - ശിവൻകുട്ടി

കൊച്ചിയിലും കോഴിക്കോടും കോറോ ഹെൽത്ത് എന്ന കമ്പനി 750 ൽ അധികം തൊഴിലാളികളെ പിരിച്ചുവിട്ട നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് സിഐടിയു സംസ്ഥാന സെക്രട്ടറിയും മുൻ തൊഴിൽ മന്ത്രിയുമായ വി. ശിവൻകുട്ടി. നിയമവിരുദ്ധ പിരിച്ചുവിടലിനെതിരെ ലേബർ കമ്മീഷണറെയും ലേബർ കോടതികളെയും സമീപിക്കാൻ സിഐടിയു മുൻകൈ എടുക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. തൊഴിലാളി വിരുദ്ധ നീക്കങ്ങൾക്കെതിരെ അതിശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&

RNJ TVPM

മെറ്റ - നോട്ടീസ്

സമൂഹ മാധ്യമമായ ഇൻസ്റ്റാഗ്രാമിൽ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമത്തെ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ പ്രചരിച്ചതിൽ മെറ്റയ്ക്ക് നോട്ടീസയച്ച് കേന്ദ്ര സർക്കാർ. ഏഴ് ദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്ന് ഐടി മന്ത്രാലയം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

തിരുവനന്തപുരം നഗരസഭ

തിരുവനന്തപുരം നഗരസഭയിലെ ഭരണസ്തംഭനത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് മുൻ മന്ത്രി വി. ശിവൻകുട്ടി. നഗരത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചെന്നും മഴക്കാലപൂർവ്വ ശുചീകരണം നടക്കുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു. സ്റ്റിയറിംഗ് കമ്മിറ്റി കൂടുന്നില്ലെന്നും നഗരസഭയിലെ സുപ്രധാന രേഖകൾ കടത്താനുള്ള നീക്കങ്ങൾ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിക്കണമെന്നും ശ്രീ ശിവൻകുട്ടി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

പാലാ നഗരസഭ

പാലാ നഗരസഭയിലെ സ്വതന്ത്ര കൂട്ടായ്മയ്ക്കുള്ള പിന്തുണ പിൻവലിച്ച് കോൺഗ്രസ്. മണ്ഡലം കമ്മിറ്റി കൂടിയ ശേഷമാണ് പിന്തുണ പിൻവലിച്ചത്. സ്വതന്ത്ര കൂട്ടായ്മയ്ക്കെതിരെയുള്ള പ്രമേയം കോൺഗ്രസ് പാസാക്കി.

&&&&&&&&&&&&&&&&&

ഇടുക്കി - ഗതാഗതക്കുരുക്ക് (ഇൻട്രോ)

ഇടുക്കി മൂന്നാർ ടൗണിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതോടെ മണിക്കൂറുകൾ നീണ്ട ഗതാഗതക്കുരുക്കിൽ വലഞ്ഞ് വിനോദസഞ്ചാരികൾ ഉൾപ്പടെയുള്ളവർ. പഴയ മൂന്നാർ ഭാഗത്ത് മണ്ണിടിച്ചിൽ

RAJU TVPM

സാധ്യതയെ തുടർന്നാണ് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ... (വോയ്സ്)

&&&&&&&&&&&&&&&&&

മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് ആറു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - ലക്ഷദീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെയും കർണാടക തീരത്ത് ബുധനാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&

ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോൾ പ്രീക്വാർട്ടറിൽ ബ്രസീൽ നാളെ നോർവെയെ നേരിടും. പുലർച്ചെ 01.30 നാണ് മത്സരം. 05.30 ന് നടക്കുന്ന മത്സരത്തിൽ മെക്സിക്കോ ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&

വയോജന ക്ഷേമ-യോഗം

വയോജന ക്ഷേമ പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാൻ സംസ്ഥാന വയോജന കമ്മീഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ മേധാവികളുടെ യോഗം നാളെ തിരുവനന്തപുരത്തു ചേരും. വയോജന ക്ഷേമത്തിനായി തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന ഫണ്ട് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും വിനിയോഗിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&

RNUTVPM

ഓപ്പറേഷൻ തൂഫാൻ- പാലക്കാട്

സംസ്ഥാനത്ത് മയക്കുമരുന്ന് വിൽപ്പനയും വ്യാപനവും തടയാനുള്ള ഓപ്പറേഷൻ തൂഫാൻ പ്രവർത്തനം ഊർജ്ജിതം. യജ്ഞത്തിന്റെ ഭാഗമായി ഇന്ന് പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ കണ്ടെത്തിയ വ്യാജ വാറ്റ് കേന്ദ്രത്തിൽ സൂക്ഷിച്ചിരുന്ന 1,454 ലിറ്റർ വാഷ് നശിപ്പിച്ചു. അതിനിടെ തൂഫാൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനയിൽ 171 പേർ അറസ്റ്റിലായി.

&&&&&&&&&&&&&&&&

സെൻസസ്

കേരളത്തിൽ സെൻസസ് 2027ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയിട്ടുള്ളവർക്ക് ഓൺലൈനിൽ ലഭിച്ച ഐഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് എന്യുമറേറ്റർമാർ വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

RNJ TVPM

&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&&